# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4706 29.6.2012-ൽ മറുപടിയ്ക്ക്

### ആട് വളർത്തൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അജിത് | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) ആട് വളർത്തൽ ഗണ്യമായ രീതിയിൽ കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല |
| ബി) ആട് വളർത്തലിൽ നിന്നും ജനങ്ങൾ പിൻമാറുന്നതിന്റെ കാരണം എന്തെന്ന് പഠിക്കാൻ മൃഗസംരക്ഷണവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) സെൻസസ് പ്രകാരം സംസ്ഥാനത്തെ ആടുകളുടെ എണ്ണം വർദ്ധിച്ച് വരുന്ന പ്രവണതയാണ് കാണുന്നത്. അതിനാൽ ആട് വളർത്തലിൽ നിന്നും ജനങ്ങൾ പിൻമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ആട്ടിൻ പാലിന്റെ ഗുണമേന്മയെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം വരുത്താനുള്ള നടപടികൾ സ്വീകരിക്കുവാൻ വകുപ്പ് തയ്യാറാകുമോ; | സി) ആട്ടിൻപാലിന്റെ ഗുണമേന്മയെക്കുറിച്ച് ജനങ്ങളിൽ അവബോധം വരുത്താൻ മൃഗസംരക്ഷണവകുപ്പ് കാർഷിക പരിശീലന കേന്ദ്രങ്ങളിലെ പരിശീലനങ്ങൾ വഴി ബോധവൽക്കരണം നടത്തുന്നുണ്ട്. |
| ഡി) സംസ്ഥാനത്ത് ആടുകളുടെ എണ്ണത്തെ സംബന്ധിച്ച് വകുപ്പിനുള്ള കണക്ക് വെളിപ്പെടുത്തുമോ? | ഡി) 2003 സെൻസസ് പ്രകാരം 12,13,173 എണ്ണം 2007 സെൻസസ് പ്രകാരം 17,29,127 എണ്ണം. |

Seele

സെക്ഷൻ ഓഫീസർ